# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1360** — **06.02.2020-ൽ മറുപടിയ്ക്ക്**

### റവന്യൂ റിക്കവറി നോട്ടീസുമായി ബന്ധപ്പെട്ട കേസുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | റവന്യൂ റിക്കവറി നോട്ടീസ് അയക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കോടതിയിൽ ഫയൽ ചെയ്യുന്ന കേസുകളിൽ സർക്കാർ അഭിഭാഷകർ ഹാജരാകാത്ത സ്ഥിതി വിശേഷം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | റവന്യൂ റിക്കവറി നടപടികൾക്കെതിരെയുള്ള കേസ്സുകളിൽ കുടിശ്ശികക്കാർ കോടതിയെ സമീപിക്കുമ്പോൾ ഉദ്യോഗസ്ഥരുടെ പേര് കൂടി ചേർത്ത് സമൺസ് ലഭിക്കുന്ന കേസുകളിൽ സർക്കാർ വക്കീൽ ഹാജരാകാത്ത സ്ഥിതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | അപ്രകാരം ഹാജരാകാത്ത അഭിഭാഷ കർക്കെതിരെ നടപടി ആവശ്യപ്പെട്ട് റവന്യൂ വകുപ്പ് അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയിട്ടുണ്ടോയെന്ന് അറിയി ക്കാമോ; | (ബി) | പേരു വച്ച് കക്ഷി ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥർക്കു വേണ്ടിയും കേസുകളിൽ എൻഗേജ് ചെയ്യുന്നതിനും, ഫലപ്രദമായി കേസുകൾ കൈകാര്യം ചെയ്യുന്നതിനും എല്ലാ ഗവൺമെന്റ് പ്ലീഡർമാർക്കും നിർദ്ദേശം നൽകുന്നതിനും, അപ്രകാരം നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ആവശ്യമായ നടപടികൾ സ്വീകരിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുവാനും 16.10.2019-ലെ 80967/എച്ച്3/2015/റവ നമ്പർ കത്തിലൂടെ അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഡിമാന്റ് നോട്ടീസ് നൽകുന്നതും തുടർ നടപടി സ്വീകരിക്കുന്നതും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉത്തമ വിശ്വാസത്തിൽ സ്വീകരിക്കുന്ന നടപടിയായതിനാൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇതിനായി സംരക്ഷണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കേരളാ റവന്യൂ റിക്കവറി ആക്ട് 1968-ലെ വകുപ്പ് 72, 81, 82 എന്നിവ പ്രകാരം ടി നിയമത്തിലെ വിവിധ വകുപ്പുകളിലും, ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പ്രകാരം സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ